# PAPER-III
# MALAYALAM

**Signature and Name of Invigilator**

1. (Signature) ____________________________
   (Name) ____________________________
2. (Signature) ____________________________
   (Name) ____________________________

| D | 2 | 2 | 1 | 3 |
|---|---|---|---|---|

OMR Sheet No. : .............................................
(To be filled by the Candidate)

Roll No. | | | | | | | | |

(In figures as per admission card)

Roll No.________________________________
(In words)

Time : **2 ½** hours] [Maximum Marks : **150**

Number of Pages in this Booklet : **12**

Number of Questions in this Booklet : **75**

## Instructions for the Candidates

1. Write your roll number in the space provided on the top of this page.
2. This paper consists of seventy five multiple-choice type of questions.
3. At the commencement of examination, the question booklet will be given to you. In the first 5 minutes, you are requested to open the booklet and compulsorily examine it as below :
   (i) To have access to the Question Booklet, tear off the paper seal on the edge of this cover page. Do not accept a booklet without sticker-seal and do not accept an open booklet.
   (ii) **Tally the number of pages and number of questions in the booklet with the information printed on the cover page. Faulty booklets due to pages/questions missing or duplicate or not in serial order or any other discrepancy should be got replaced immediately by a correct booklet from the invigilator within the period of 5 minutes. Afterwards, neither the Question Booklet will be replaced nor any extra time will be given.**
   (iii) After this verification is over, the OMR Sheet Number should be entered on this Test Booklet.
4. Each item has four alternative responses marked (A), (B), (C) and (D). You have to darken the circle as indicated below on the correct response against each item.
   **Example :** Ⓐ Ⓑ ● Ⓓ
   where (C) is the correct response.
5. Your responses to the items are to be indicated in the **OMR Sheet given inside the Booklet only.** If you mark at any place other than in the circle in the OMR Sheet, it will not be evaluated.
6. Read instructions given inside carefully.
7. Rough Work is to be done in the end of this booklet.
8. If you write your Name, Roll Number, Phone Number or put any mark on any part of the OMR Sheet, except for the space allotted for the relevant entries, which may disclose your identity, or use abusive language or employ any other unfair means such as change of response by scratching or using white fluid, you will render yourself liable to disqualification.
9. You have to return the test question booklet and Original OMR Sheet to the invigilators at the end of the examination compulsorily and must not carry it with you outside the Examination Hall. You are, however, allowed to carry duplicate copy of OMR Sheet on conclusion of examination.
10. **Use only Blue/Black Ball point pen.**
11. **Use of any calculator or log table etc., is prohibited.**
12. **There is no negative marks for incorrect answers.**

## परीक्षार्थियों के लिए निर्देश

1. इस पृष्ठ के ऊपर नियत स्थान पर अपना रोल नम्बर लिखिए ।
2. इस प्रश्न-पत्र में पचहत्तर बहुविकल्पीय प्रश्न हैं ।
3. परीक्षा प्रारम्भ होने पर, प्रश्न-पुस्तिका आपको दे दी जायेगी । पहले पाँच मिनट आपको प्रश्न-पुस्तिका खोलने तथा उसकी निम्नलिखित जाँच के लिए दिये जायेंगे, जिसकी जाँच आपको अवश्य करनी है :
   (i) प्रश्न-पुस्तिका खोलने के लिए उसके कवर पेज पर लगी कागज की सील को फाड़ लें । खुली हुई या बिना स्टीकर-सील की पुस्तिका स्वीकार न करें ।
   (ii) **कवर पृष्ठ पर छपे निर्देशानुसार प्रश्न-पुस्तिका के पृष्ठ तथा प्रश्नों की संख्या को अच्छी तरह चैक कर लें कि ये पूरे हैं । दोषपूर्ण पुस्तिका जिनमें पृष्ठ/प्रश्न कम हों या दुबारा आ गये हों या सीरियल में न हों अर्थात् किसी भी प्रकार की त्रुटिपूर्ण पुस्तिका स्वीकार न करें तथा उसी समय उसे लौटाकर उसके स्थान पर दूसरी सही प्रश्न-पुस्तिका ले लें । इसके लिए आपको पाँच मिनट दिये जायेंगे । उसके बाद न तो आपकी प्रश्न-पुस्तिका वापस ली जायेगी और न ही आपको अतिरिक्त समय दिया जायेगा ।**
   (iii) इस जाँच के बाद OMR पत्रक की क्रम संख्या इस प्रश्न-पुस्तिका पर अंकित कर दें ।
4. प्रत्येक प्रश्न के लिए चार उत्तर विकल्प (A), (B), (C) तथा (D) दिये गये हैं । आपको सही उत्तर के वृत्त को पेन से भरकर काला करना है जैसा कि नीचे दिखाया गया है ।
   **उदाहरण :** Ⓐ Ⓑ ● Ⓓ
   जबकि (C) सही उत्तर है ।
5. प्रश्नों के उत्तर **केवल प्रश्न पुस्तिका के अन्दर दिये गये OMR पत्रक पर ही** अंकित करने हैं । यदि आप OMR पत्रक पर दिये गये वृत्त के अलावा किसी अन्य स्थान पर उत्तर चिह्नांकित करते हैं, तो उसका मूल्यांकन नहीं होगा ।
6. अन्दर दिये गये निर्देशों को ध्यानपूर्वक पढ़ें ।
7. कच्चा काम (Rough Work) इस पुस्तिका के अन्तिम पृष्ठ पर करें ।
8. यदि आप OMR पत्रक पर नियत स्थान के अलावा अपना नाम, रोल नम्बर, फोन नम्बर या कोई भी ऐसा चिह्न जिससे आपकी पहचान हो सके, अंकित करते हैं अथवा अभद्र भाषा का प्रयोग करते हैं, या कोई अन्य अनुचित साधन का प्रयोग करते हैं, जैसे कि अंकित किये गये उत्तर को मिटाना या सफेद स्याही से बदलना तो परीक्षा के लिये अयोग्य घोषित किये जा सकते हैं ।
9. आपको परीक्षा समाप्त होने पर प्रश्न-पुस्तिका एवं मूल OMR पत्रक निरीक्षक महोदय को लौटाना आवश्यक है और परीक्षा समाप्ति के बाद उसे अपने साथ परीक्षा भवन से बाहर न लेकर जायें । हालांकि आप परीक्षा समाप्ति पर OMR पत्रक की डुप्लीकेट प्रति अपने साथ ले जा सकते हैं ।
10. **केवल नीले/काले बाल प्वाईंट पेन का ही इस्तेमाल करें ।**
11. **किसी भी प्रकार का संगणक (कैलकुलेटर) या लाग टेबल आदि का प्रयोग वर्जित है ।**
12. **गलत उत्तरों के लिए कोई नकारात्मक अंक नहीं हैं ।**

# മലയാളം
# MALAYALAM
## Paper – III

**Note :** This paper contains **seventy five (75)** objective type questions of **two (2)** marks each. **All** questions are compulsory.
ഈ ചോദ്യക്കടലാസ്സിൽ **എഴുപത്തിയഞ്ച്** **(75)** ഓബ്ജക്ടീവ് ടൈപ്പ് ചോദ്യങ്ങളുണ്ട്. ഓരോ ഉത്തരത്തിനും **രണ്ട്** (2) മാർക്ക്. ഉത്തരക്കടലാസ്സിൽ ശരിയായ ഉത്തരം അടയാളപ്പെടുത്തുക. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതുക.

**1.** ഉണ്ണുനീലി സന്ദേശത്തിലെ സന്ദേശഹരന്റെ പേര്

(A) സംഗ്രാമധീര രവിവർമ്മ (B) സർവാംഗനാഥ ആദിത്യവർമ്മ
(C) രാമവർമ്മ (D) ഭൂതല വീര ഉദയമാർത്താണ്ഡവർമ്മ

**2.** വേൾ + നാട് – വേണാട് എന്ന പദപരിണാമത്തിന് ലീലാതിലകം നിർദ്ദേശിക്കുന്ന നിയമങ്ങൾ

(A) ളോനേ, നോണ (B) ണസ്തസ്യടഃ തേസ്യ ച
(C) റുടോർദ്വിത്വംച, തേസ്യ ച (D) ക്വചില്ലോപ, തസ്യദ്വിത്വം വ

**3.** 'മാഴ്ക നീൾമിഴിയെ മൈതിലിയെ' – ഇതിലെ വ്യാകരണ സവിശേഷത

(A) വിശേഷണവിശേഷ്യപ്പൊരുത്തം (B) പുരുഷഭേദനിരാസം
(C) അലിംഗബഹുവചനം (D) ഇതൊന്നുമല്ല

**4.** 'ആധുനിക മനുഷ്യന്റെ ജീവിതചര്യകൾ അത്രയും നിയന്ത്രിക്കുന്നത് ഈ കൊച്ചു വാച്ചാണ്. ഇതില്ലെങ്കിലിൽ അപ്പീസുകളും സർവ്വകലാശാലകളും, ഫാക്ടറികളും ഒന്നും നടക്കുകയില്ല. തീവണ്ടികളും വിമാനങ്ങളും ബസ്സുകളും ഓടുകയില്ല.' – ഈ വക്യം ഏതു നോവലിലേത് ?

(A) ദൽഹി (B) ആദിത്യനും രാധയും മറ്റുചിലരും
(C) ദൽഹിഗാഥകൾ (D) പുലയപ്പാട്ട്

**5.** 'ഞാനൊരു അമ്പലവാസിയാണ് നമ്പൂതിരിമാർ ഇല്ലപ്പേര് സ്വന്തം പേരായി ഉപയോഗിക്കുന്നതുപോലെ, അതൊരു മാന്യതയാണെന്ന് വിശ്വസിച്ച് എന്റെ വീട്ടുകാർ തൂലികാനാമമായി ഉപയോഗിക്കാൻ തുടങ്ങി.' – ഏതിൽ നിന്ന് ?

(A) മനസാസ്മരാമി (B) കാവ്യലോകം
(C) ജീവിതപ്പാത (D) കൊഴിഞ്ഞ ഇലകൾ

**6.** ചേരുംപടി ചേർക്കുക.

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| a. | രാഘവമേനോൻ | 1. | മാറ്റാത്തി |
| b. | ലൂസി | 2. | മഞ്ഞ് |
| c. | വിമല | 3. | തലമുറകൾ |
| d. | കോരൻ | 4. | ബാല്യകാലസഖി |
| | | 5. | രണ്ടിടങ്ങഴി |

(A) a 3, b 1, c 2, d 5 (B) a 1, b 5, c 3, d 4
(C) a 1, b 5, c 3, d 4 (D) a 3, b 2, c 1, d 4

7. 'നജീബിനും ഹക്കീമിനും മരുഭൂമിയിൽ ദാഹിച്ചു മരിച്ച എല്ലാ ആത്മാക്കൾക്കും' സമർപ്പിച്ച കൃതി
(A) ബസ്ര (B) ആടുജീവിതം
(C) മരുഭൂമികൾ ഉണ്ടാകുന്നത് (D) ദുബായ്പ്പുഴ

8. ലീല ഭർത്തൃഘാതിനിയാണെന്ന കുട്ടിക്കൃഷ്ണമാരാരുടെ വിമർശനത്തിന് മറുപടി എഴുതിയ വിമർശകന്റെ ലേഖനം മാരാരുടെ ഒരു പുസ്തകത്തിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്. ആരുടെ ലേഖനം ?
(A) മുണ്ടശ്ശേരി (B) കേസരി
(C) സുകുമാർ അഴീക്കോട് (D) എം.പി. പോൾ

9. 'വഴിവാണിഭക്കാരുടെ ഗ്വാഗ്വാവിളിപോലെയാണ് സി.വി.യുടെ ഭാഷ' - ആരുടെ വാക്യം ?
(A) മൂർക്കോത്ത് കുമാരൻ (B) സാഹിത്യ പഞ്ചാനനൻ
(C) സ്വദേശാഭിമാനി (D) എം.പി. പോൾ

10. കടമ്മനിട്ടയുടെ കുറത്തി എന്ന കവിത വിപ്ലവവിരുദ്ധമെന്ന് അപനിർമ്മിച്ച നിരൂപകൻ ?
(A) വി. സി. ഹാരീസ് (B) പി. പവിത്രൻ
(C) വി.സി. ശ്രീജൻ (D) കെ.പി. അപ്പൻ

11. നീലക്കുയിലിന്റെ തിരക്കഥാകൃത്ത്
(A) ഉറൂബ് (B) രാംദാസ്
(C) ടി.കെ. പരീക്കുട്ടി (D) പി. ഭാസ്ക്കരൻ

12. ശരിയായ ക്രമം ഏത്
(A) എന്റെ ആദ്യത്തെ ഫീസ്, വെള്ളപ്പൊക്കത്തിൽ, ഈ ജീവിതം അനാഥമാണ്, മായാമയൻ
(B) വെള്ളപ്പൊക്കത്തിൽ, മായാമയൻ, ഈ ജീവിതം അനാഥമാണ്, എന്റെ ആദ്യത്തെ ഫീസ്
(C) മായാമയൻ, വെള്ളപ്പൊക്കത്തിൽ, ഈ ജീവിതം അനാഥമാണ്, എന്റെ ആദ്യത്തെ ഫീസ്
(D) എന്റെ ആദ്യത്തെ ഫീസ്, വെള്ളപ്പൊക്കത്തിൽ, മായാമയൻ, ഈ ജീവിതം അനാഥമാണ്,

13. കിളിപ്പാട്ടിലെ ഭാഷ ഒരെടുത്തുചാട്ടമല്ല എന്നഭിപ്രായപ്പെട്ടത്
(A) പി.കെ. നാരായണപിള്ള (B) കെ.എൻ. എഴുത്തച്ഛൻ
(C) എം. ലീലാവതി (D) ഉള്ളൂർ

14. നാടോടി സാഹിത്യത്തിന്റെ സവിശേഷതകളിൽപ്പെടാത്തത്
(A) വാമൊഴി വഴക്കം (B) അജ്ഞാത കർതൃകത
(C) പ്രക്തനതയും പാരമ്പര്യവും (D) ഏകപാഠം

15. ആശ്ചര്യചൂഡാമണിയുടെ കർത്താവ്
(A) ശക്തിഭദ്രൻ (B) കുലശേഖര വർമ്മൻ
(C) വാസുദേവ ഭട്ടതിരി (D) ഭാസൻ

16. ചേരുംപടി ചേർക്കുക.

| പട്ടിക – I | | പട്ടിക – II | |
|---|---|---|---|
| a. | ക്ഷുരസ്യധാര | 1. | ഗ്രേസി |
| b. | പടിയിറങ്ങിപ്പോയ പാർവ്വതി | 2. | എസ്.വി. വേണുഗോപൻ നായർ |
| c. | ഭൂമിപുത്രന്റെ വഴി | 3. | എൻ. പ്രഭാകരൻ |
| d. | രാത്രിമൊഴി | 4. | സി.വി. ശ്രീരാമൻ |
| | | 5. | ടി. പത്മനാഭൻ |

(A) a 3, b 2, c 5, d 1 (B) a 4, b 1, c 2, d 3
(C) a 1, b 3, c 2, d 5 (D) a 1, b 2, c 4, d 3

17. ചേരുംപടി ചേർക്കുക.

| പട്ടിക – I | | പട്ടിക – II | |
|---|---|---|---|
| a. | ജീവിത സ്മരണകൾ | 1. | പി.കെ. വാര്യർ |
| b. | സ്മൃതിപഥം | 2. | കെ.സി. മാമൻമാപ്പിള |
| c. | എന്റെ നാടുകടത്തൽ | 3. | വിഷ്ണു ഭാരതീയൻ |
| d. | അടിമകളെങ്ങനെ ഉടമകളായി | 4. | സ്വദേശാഭിമാനി |
| | | 5. | ജോസഫ് മുണ്ടശ്ശേരി |

(A) a 2, b 1, c 4, d 3 (B) a 1, b 3, c 2, d 5
(C) a 5, b 2, c 3, d 1 (D) a 3, b 1, c 4, d 2

18. സി.സി. രാമൻപിള്ളയുടെ കൃതികളെ സംഭാഷണശൈലിയുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്തത്

(A) എൻ. കൃഷ്ണപിള്ള (B) എൻ.വി. കൃഷ്ണവാരിയർ
(C) പ്രസന്നരാജൻ (D) കെ.പി. അപ്പൻ

19. 'നാടകം വേണോ നാടകം' – എഴുതിയത്

(A) ജി. ശങ്കരപ്പിള്ള (B) കാട്ടുമാടം
(C) എൻ.എൻ. പിള്ള (D) ഇവരാരുമല്ല

20. ഈ നോവലിൽ പരിണാമഗുപ്തി എന്നൊന്ന് വായനക്കാരെ കാത്തിരിക്കുന്നില്ലെന്ന് തകഴിയുടെ പതിത പങ്കജത്തെക്കുറിച്ച് പറഞ്ഞത്

(A) ഇ.വി. കൃഷ്ണപിള്ള (B) മുണ്ടശ്ശേരി
(C) എം.പി. പോൾ (D) കെ.പി. അപ്പൻ

21. ഇത് സാഹിത്യമാണെങ്കിൽ കൊടുങ്ങല്ലൂർ ഭരണിപ്പാട്ട് ഭഗവദ്ഗീതയാണെന്ന് ബഷീറിന്റെ ഏതു കൃതിയെപ്പറ്റിയാണ് ഗുപ്തൻ നായർ പറഞ്ഞത് ?

(A) പാവപ്പെട്ടവരുടെ വേശ്യ (B) ശബ്ദങ്ങൾ
(C) മതിലുകൾ (D) അനുരാഗത്തിന്റെ ദിനങ്ങൾ

22. മലയാളത്തിൽ ആദ്യമായി യുനെസ്കോ അവാർഡുനേടിയ കൃതി

(A) വിശപ്പ് (B) ഒരു ദേശത്തിന്റെ കഥ
(C) കേരളത്തിലെ ആഫ്രിക്ക (D) ഇതൊന്നുമല്ല

23. **കാര്യം** : കുന്ദലതക്ക് നോവൽ എന്നതിനെക്കാൾ റൊമാൻസ് എന്ന വിശേഷണമാണ് ഇണങ്ങുക.

**കാരണം** : (i) കുന്ദലതയിൽ സമകാലിക സമൂഹമില്ല.
(ii) സംഭവ്യതയില്ല
(iii) കഥാപാത്രങ്ങൾ അമാനുഷിക പ്രകൃതികളാണ്.

(A) കാര്യം ശരി, കാരണം 1ഉം 2ഉം ശരി.
(B) കാര്യം ശരി, കാരണങ്ങളെല്ലാം ശരി.
(C) കാര്യം തെറ്റ്, കാരണങ്ങളും തെറ്റ്.
(D) കാര്യം ശരി, കാരണം 1 മാത്രം ശരി.

24. എം. ടി.യുടെ കടവ് എന്ന സിനിമക്ക് ആധാരമായ കഥ എഴുതിയത്

(A) എം.ടി. വാസുദേവൻ നായർ
(B) ഉറൂബ്
(C) എസ്.കെ. പൊറ്റക്കാട്
(D) എൻ.പി. മുഹമ്മദ്

25. ചേരുംപടി ചേർക്കുക.

| **പട്ടിക – I** | | **പട്ടിക – II** | |
|---|---|---|---|
| a. | സാധുജനപരിപാലനസംഘം | 1. | ജോൺ ജോസഫ് |
| b. | പ്രത്യക്ഷരക്ഷാദൈവസഭ | 2. | വി.ടി. ഭട്ടതിരിപ്പാട് |
| c. | ആത്മവിദ്യാസംഘം | 3. | കുമാരഗുരു |
| d. | യോഗക്ഷേമസഭ | 4. | അയ്യങ്കാളി |
| | | 5. | വാഗ്ഭടാനന്ദൻ |

(A) a 4, b 3, c 2, d 5
(B) a 4, b 1, c 5, d 2
(C) a 4, b 3, c 5, d 2
(D) a 1, b 2, c 3, d 4

26. ഘോഷ ബഹിഷ്കരിക്കുകയും അധഃകൃതരോടൊപ്പം മിശ്രഭോജനം നടത്തുകയും സ്വന്തം മക്കളെ അന്യജാതിക്കാർക്ക് വിവാഹം ചെയ്തു കൊടുക്കുകയും ചെയ്ത മഹതി.

(A) ദേവകീ നിലയങ്ങോട്
(B) പ്രിയദത്ത
(C) ആര്യാപള്ളം
(D) പാർവ്വതി നെന്മിനിമംഗലം

27. ചേരുംപടി ചേർക്കുക.

| **പട്ടിക – I** | | **പട്ടിക – II** | |
|---|---|---|---|
| a. | തൊടാക്കാഞ്ചി | 1. | കാമുകന്റെ മരണം വരെയുള്ള നിരാഹാരവ്രതം |
| b. | മടലേറൽ | 2. | മുതുകിൽ മുറിവേറ്റ രാജാവിന്റെ നിരാഹാരമനുഷ്ഠിച്ചുള്ള മരണം |
| c. | വടക്കിരിക്കൽ | 3. | വരൻ കൊണ്ടുവരുന്ന ചിലമ്പ്, വധു അണിയുന്നത് |
| d. | ചിലമ്പുകഴിനോമ്പ് | 4. | യുദ്ധത്തിൽമുറിവേറ്റ പടയാളിക്കു, പ്രേതബാധ ഉണ്ടാകാതിരിക്കാനുള്ള ഭാര്യയുടെ കാവൽ |
| | | 5. | രാജാവിന്റെ കുലവൃക്ഷം മുറിക്കൽ |

(A) a 4, b 1 c 2, d 3
(B) a 3, b 2, c 4, d 5,
(C) a 5, b 3, c 1, d 4
(D) a 2, b 4, c 5, d 1

28. വ്യത്യസ്തമായത് ഏത് ?

(A) കയ്യൂർ സമരം
(B) കരിവെള്ളൂർ സമരം
(C) പുന്നപ്രവയലാർ സമരം
(D) കുട്ടൻകുളങ്ങര സമരം

29. ചേരുംപടി ചേർക്കുക.

| പട്ടിക – I | | പട്ടിക – II | |
|---|---|---|---|
| a. | ശങ്കരനാരായണീയം | 1. | ഗണിതം |
| b. | അഷ്ടാംഗ ഹൃദയം | 2. | വാസ്തുവിദ്യ |
| c. | മനുഷ്യാലയ ചന്ദ്രിക | 3. | ജ്യോതിശ്ശാസ്ത്രം |
| d. | ലീലാവതി | 4. | ആയുർവേദം |
| | | 5. | അലങ്കാര ശാസ്ത്രം |

(A) a 3, b 4, c 2, d 5
(B) a 2, b 4, c 1, d 5
(C) a 3, b 4, c 1, d 5
(D) a 3, b 4, c 2, d 1

30. വില്ലുവണ്ടി സമരത്തിന്റെ നേതാവ്
(A) പാമ്പാടി ജോൺ ജോസഫ്
(B) അയ്യൻകാളി
(C) കുമാരഗുരു
(D) സഹോദരനയ്യപ്പൻ

31. വ്യത്യസ്തമായത് ഏത് ?
(A) തീയാട്ട്
(B) മുടിയേറ്റ്
(C) പടയണി
(D) കൂടിയാട്ടം

32. ചേരുംപടി ചേർക്കുക.

| പട്ടിക – I | | പട്ടിക – II | |
|---|---|---|---|
| a. | ലന്ത | 1. | പോർട്ടുഗീസ് |
| b. | പറങ്കി | 2. | ഫ്രഞ്ച് |
| c. | പരന്ത്രീസ് | 3. | ഡച്ച് |
| d. | ബിലാത്തി | 4. | ജർമ്മൻ |
| | | 5. | ഇംഗ്ലീഷ് |

(A) a 1, b 4, c 2, d 5
(B) a 2, b 3, c 1, d 5
(C) a 3, b 1, c 2, d 5
(D) a 4, b 5, c 1, d 3

33. താഴെ കൊടുത്തിരിക്കുന്നവ കാലക്രമമനുസരിച്ചെഴുതുക :
(A) മലയാളി മെമ്മോറിയൽ, ഈഴവ മെമ്മോറിയൽ, ചാന്നാർ ലഹള, ഗുരുവായൂർ സത്യാഗ്രഹം
(B) ചാന്നാർ ലഹള, മലയാളി മെമ്മോറിയൽ, ഈഴവ മെമ്മോറിയൽ, ഗുരുവായൂർ സത്യാഗ്രഹം
(C) മലയാളി മെമ്മോറിയൽ, ചാന്നാർ ലഹള, ഈഴവ മെമ്മോറിയൽ
(D) ഈഴവമെമ്മോറിയൽ, മലയാളി മെമ്മോറിയൽ, ഗുരുവായൂർ സത്യാഗ്രഹം, ചാന്നാർ ലഹള

34. 'ഓടുന്ന വണ്ടിയിൽ ചാടിക്കയറരുത്' – ഇതിൽ പേരെച്ചം ?
(A) ഓടുന്ന
(B) ചാടി
(C) വണ്ടി
(D) കയറരുത്

35. ശരിയായ ക്രമത്തിൽ എഴുതിയത് ഏത് ?
(A) വ്യാകരണമിത്രം, മലയാള ഭാഷാവ്യാകരണം, കേരളപാണിനീയം, മലയാഴ്മയുടെ വ്യാകരണം
(B) വ്യാകരണമിത്രം, മലയാള ഭാഷാവ്യാകരണം, മലയാഴ്മയുടെ വ്യാകരണം, കേരളപാണിനീയം
(C) മലയാള ഭാഷാവ്യാകരണം, മലയാഴ്മയുടെ വ്യാകരണം, കേരളപാണിനീയം, വ്യാകരണമിത്രം,
(D) കേരളപാണിനീയം, വ്യാകരണമിത്രം, മലയാള ഭാഷാവ്യാകരണം, മലയാഴ്മയുടെ വ്യാകരണം

**36.** വിനാമക്രിയ എന്നാൽ

(A) സ്ഥാനം താഴൽ (B) സമാക്ഷരലോപം

(C) വിഷമീകരണം (D) ആദ്യസ്വരാഗമം

**37.** താഴെ കൊടുത്തിരിക്കുന്നതിൽ മുൻവിനയെച്ചം

(A) ചാടിക്കേറി (B) ചാടാൻ കേറി

(C) കേറാൻ ചാടി (D) ചാടിയാൽക്കേറാം

**38.** അനുനാസികാതിപ്രസരം ഏതു സന്ധിയാണ് ?

(A) ആഗമം (B) ആദേശം

(C) ലോപം (D) ദ്വിത്വം

**39.** 'കുട്ടികൾക്ക് അത്ര പുസ്തകങ്ങൾ കൊടുക്കരുത്'. ഇതിൽ അത്ര ഏതു വിഭാഗത്തിൽപ്പെടും ?

(A) തദ്ധിതം (B) വിനയെച്ചം

(C) പൂർണ്ണക്രിയ (D) ഇതൊന്നുമല്ല

**40.** താഴെ കൊടുത്തിരിക്കുന്നതിൽ ബദ്ധരൂപിമം ഏത് ?

(A) ഓടി (B) ആന

(C) കുതിര (D) ഉടെ

**41.** നോംചോംസ്കിയെ പരിചയപ്പെടുത്തി മലയാളത്തിലുണ്ടായ പുസ്തകത്തിന്റെ രചയിതാവ്

(A) സ്കറിയ സക്കറിയ (B) ടി.ബി. വേണുഗോപാലപ്പണിക്കർ

(C) ആൻഡ്രൂസ്കുട്ടി (D) എസ്.വി. ഷൺമുഖം

**42.** താഴെ കൊടുത്തിരിക്കുന്നതിൽ ഘർഷി (fricative)

(A) ത (B) മ

(C) പ (D) ഷ

**43.** 'പിറന്നാൾ' എന്നിടത്ത് പ്രവർത്തിച്ച നിയമം

(A) സമാക്ഷരലോപം (B) മധ്യസ്വരയോഗം

(C) അർത്ഥാപകർഷം (D) അർത്ഥോൽകർഷം

**44.** ശരിയായത് എഴുതുക.
ഒരു ഇന്ത്യൻ സർവകലാശാലയിൽ നിന്ന് മലയാള പഠനത്തിൽ ആദ്യമായി പി.എച്ച്.ഡി. ബിരുദം നേടിയ രണ്ടുപേർ

1. കെ. എം. ജോർജ്ജ്
2. കെ.എ. കലാവതിയും കെ.എം. പ്രഭാകരവാരിയരും
3. ശിരോമണി കൃഷ്ണൻ നായർ
4. എസ്.കെ. നായർ

(A) 2 മാത്രം ശരി (B) 3 മാത്രം ശരി

(C) 1ഉം 4ഉം ശരി (D) 3ഉം 4ഉം ശരി

**45.** ആദിപ്രരൂപ വിമർശനത്തിന് തുടക്കമിട്ടത്

(A) കെ.എം. ഡാനിയേൽ (B) ഡോ. എം. ലീലാവതി

(C) കെ.പി. അപ്പൻ (D) എം. അച്യുതൻ

46. ചേരുംപടി ചേർക്കുക.

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| a. | വിജ്ഞാനം | 1. | ഇളംകുളം കുഞ്ഞൻപിള്ള |
| b. | സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ | 2. | വെട്ടം മാണി |
| c. | പുരാണിക് എൻസൈക്ലോപീഡിയ | 3. | അയ്മനം കൃഷ്ണക്കൈമൾ |
| d. | കഥകളി വിജ്ഞാനകോശം | 4. | മാത്യു. എം. കുഴിവേലി |
| | | 5. | കെ.എം. ജോർജ്ജ് |

(A) a 4, b 5, c 2, d 3 (B) a 1, b 3, c 4, d 5
(C) a 5, b 2, c 3, d 1 (D) a 3, b 2, c 5, d 1

47. മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണം വർത്തമാനപുസ്തകമാണെന്ന അഭിപ്രായം അടുത്തകാലത്ത് പോൾ മണലിൽ ചോദ്യം ചെയ്തു. ഏതു കൃതിക്കാണ് അദ്ദേഹം പ്രഥമസ്ഥാനം കല്പിക്കുന്നത്

(A) ധർമ്മരാജാവിന്റെ രാമേശ്വരയാത്ര (B) ഊർശ്ലേം യാത്രാവിവരണം
(C) എന്റെ റോമയാത്ര (D) കാശിയാത്രാറപ്പോട്ട

48. 'നിലാവുള്ള രാത്രി, നീലവിശാലമായ ആകാശം വെളിച്ചത്തിന്റെ മഞ്ഞപ്പൊട്ടുകൾ പോലെ നൂറുനൂറായിരം നക്ഷത്രങ്ങൾ ജ്വലിക്കുന്ന തുവെള്ളപ്പൊടിയായി പരിപൂർണ്ണവൃത്തത്തിൽ ചന്ദ്രൻ' – ഇങ്ങനെ തുടങ്ങുന്ന പ്രസിദ്ധമായ തിരക്കഥ

(A) പാലേരിമാണിക്യം (B) ഭാർഗ്ഗവീനിലയം
(C) വീരപുത്രൻ (D) വിധേയൻ

49. അവാർഡ് എന്ന പ്രക്രിയയെ വിമർശിച്ചുകൊണ്ടെഴുതിയ സ്വർണ്ണമത്സ്യങ്ങൾ എന്ന ലേഖനം ഉൾപ്പെട്ടകൃതിക്കു കേരള സാഹിത്യ അക്കാദമി അവാർഡുനല്കി ആദരിക്കുകയുണ്ടായി. കൃതി ഏത് ?

(A) ശീർഷാസനം (B) കവിതയും മനശ്ശാസ്ത്രവും
(C) ചിതയിലെ വെളിച്ചം (D) വരകളും വർണങ്ങളും

50. **കാര്യം** : ഇബ്സനെപ്പറ്റി നമ്മുടെ നാടകകൃത്തുക്കൾക്കുണ്ടായിരുന്ന അറിവ് ഭാഗികവും പരിമിതവുമായിരുന്നു എന്ന് ജി. ശങ്കരപ്പിള്ള.

**കാരണം** :
1. നമ്മുടെ നാടകകൃത്തുക്കൾ ഇബ്സന്റെ രൂപമാതൃകയുടെ ജഡമാതൃകകളെ മാത്രമാണ് അലിംഗനം ചെയ്തത്.
2. ആർച്ചറുടെ വിവർത്തനങ്ങൾ ഇബ്സനെപ്പറ്റി നല്കിയ തെറ്റായ ധാരണകൾ അവരെ സ്വാധീനിച്ചു.
3. ഭാരത്തിലെ മറ്റു പ്രാദേശിക ഭാഷകളിലുണ്ടായ ഇബ്സൻ വിവർത്തനങ്ങളുടെ അമിത സ്വാധീനം

(A) കാര്യം ശരി, കാരണങ്ങൾ മൂന്നും തെറ്റ്. (B) കാര്യം ശരി, കാരണം 1ഉം 2ഉം ശരി.
(C) കാര്യം ശരി, കാരണം 2 മാത്രം ശരി. (D) കാരണം 3 മാത്രം ശരി.

51. ചേരുംപടി ചേർക്കുക.

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| a. | പുഞ്ചപ്പാടത്തു വെള്ളം വറ്റി പഞ്ചവർണ്ണക്കിളി ചത്തും പോയി. | 1. | വിഷമം |
| | | 2. | സമം |
| b. | അണ്ണാനെ മരംകേറ്റം പഠിപ്പിക്കണ്ട | 3. | അപ്രസ്തുത പ്രശംസ |
| c. | പെട്ടിപോലുള്ളമ്മയ്ക്ക് കുറ്റിപോലുള്ള മക്കൾ | 4. | കാവ്യലിംഗം |
| d. | ഇട്ടുനിരക്കുന്ന നാരിക്ക് നിരങ്ങിയുണ്ണുന്ന ഭർത്താവ് | 5. | ദീപകം |

(A) a 4, b 3, c 1, d 2 (B) a 3, b 2, c 1, d 4
(C) a 2, b 1, c 3, d 4 (D) a 4, b 2, c 3, d 1

52. ചൊല്ലുള്ളതിൽ കവിഞ്ഞുള്ളതെല്ലാം –
(A) അതിശയോക്തിയാം
(B) സാമ്യോക്തിയാം
(C) വാസ്തവോക്തിയാം
(D) ശ്ലേഷോക്തിയാം

53. ധർമ്മാർത്ഥ കാമമോക്ഷേഷു
വൈചക്ഷണ്യം കലാസുച
പ്രീതിം കരോതി കീർത്തിം ച
സാധു കാവ്യ നിബന്ധനം – ഈ അഭിപ്രായം ആരുടേതാണ് ?
(A) വാമനൻ
(B) ദണ്ഡി
(C) ഭാമഹൻ
(D) മമ്മടൻ

54. ഏതിന്റെ വൈഭവത്താൽ മനസ്സിന് ഒരു ജ്വലിതത്വ പ്രതീതി ഉളവാകുന്നുവോ ആ ഗുണം __________ ആകുന്നു.
(A) പ്രസാദം
(B) മാധുര്യം
(C) ഓജസ്
(D) കാന്തി

55. ദണ്ഡിയുടെ അഭിപ്രായത്തിൽ കാവ്യത്തിന് കാരണമായി ഭവിക്കുന്ന ഘടകങ്ങൾ
(A) നൈസർഗ്ഗിക പ്രതിഭ, വ്യുൽപത്തി, അഭ്യാസം
(B) പ്രതിഭ, രസം, ധ്വനി
(C) രസാനുഭൂതി, ധ്വനി, പ്രതിഭ
(D) വ്യുൽപത്തി, രസം, ഓജസ്

56. ക്രമപ്പെടുത്തുക.
(A) ലോംഗിനസ്, സോക്രട്ടീസ്, അരിസ്റ്റോട്ടിൽ, പ്ലേറ്റോ
(B) സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ, ലോംഗിനസ്
(C) പ്ലേറ്റോ, അരിസ്റ്റോട്ടിൽ, സോക്രട്ടീസ്, ലോംഗിനസ്
(D) ലോംഗിനസ്, അരിസ്റ്റോട്ടിൽ, പ്ലേറ്റോ, സോക്രട്ടീസ്

57. നാടകത്തിലും ഇതിഹാസത്തിലും ലിറിസിസം നിയന്ത്രിക്കണമെന്ന് അഭിപ്രായപ്പെട്ട ചിന്തകൻ ?
(A) സോക്രട്ടീസ്
(B) അരിസ്റ്റോട്ടിൽ
(C) പ്ലേറ്റോ
(D) ഹോറസ്

58. വജ്രക്രൂരൈർ നഖരശിഖരൈർ ഭാരിതൈർ-
ദൈത്യവീരർ
മാർവ്വിൽ തങ്ങും നെടിയകുടരാൽ പാർത്ഥുമമ്മൂർത്തി
തന്നെ

**കാര്യം** : ഇത് ഗൗഡീ രീതിയിൽ പെടുന്നു.

**കാരണം :** ഇതിൽ പരുവർണ്ണങ്ങളുടെ ധാരാളിത്തമുണ്ട്.

(A) കാര്യവും കാരണവും ശരി
(B) കാരണം ഭാഗികമായി മാത്രം ശരി
(C) കാര്യവും കാരണവും തെറ്റ്
(D) പരുഷവർണ്ണങ്ങൾ ഗൗഢിയുടെ പ്രത്യേകതയല്ല

59. പ്രതിഭയുടെ മുദ്രകളായി കോൾറിഡ്ജ് കരുതുന്നതെന്തെല്ലാം ?
(A) സംഗീതാത്മകത, വിഷയത്തിന്റെ തിരഞ്ഞെടുപ്പ്, ബിംബകല്പന, ചിന്തയുടെ ആഴവും ഊർജ്ജവും
(B) വ്യുൽപത്തി, ഓജസ്, ബിംബകല്പന, അഭ്യാസം
(C) ചിന്ത, വ്യുൽപത്തി, അനുഭൂതി, രസം
(D) ബിംബകല്പന, അഭ്യാസം, രസം, അനുഭൂതി

60. “കവിത വികാരങ്ങളെ കെട്ടഴിച്ച് വിടലല്ല. വികാരങ്ങളിൽ നിന്നുള്ള മോചനമാണ്. അത് വ്യക്തിത്വത്തിന്റെ അവിഷ്ക്കാരമല്ല, വ്യക്തിത്വത്തിൽ നിന്നുള്ള മോചനമാണ.’ – ഈ നിരീക്ഷണം നടത്തിയത് ?

(A) ടി.എസ്. എലിയട്ട്
(B) മാത്യു അർനോൾഡ്
(C) ക്രിസ്റ്റഫർ കോഡ്വൽ
(D) വാൾട്ടർ പേറ്റർ

61. ചേരുംപടി ചേർക്കുക.

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| a. | ലകാൻ | 1. | സ്ട്രക്ച്ചറലിസം |
| b. | ചിന്നു കെ. അച്ചാബെ | 2. | സൈക്കോ അനാലിസിസ് |
| c. | സ്റ്റാൻലി ഇ. ഫിഷ് | 3. | പോസ്റ്റ് കൊളോണിയലിസം |
| d. | ഫെർഡിനാൻഡ് ഡി. സസൂർ | 4. | റീഡർ റെസ്പോൺസ് തിയറി |

(A) a 3, b 2, c 4, d 1
(B) a 2, b 3, c 4, d 1
(C) a 4, b 3, c 2, d 1
(D) a 1, b 4, c 3, d 2

62. **കാര്യം** : മലയാളത്തിൽ കാല്പനികതയുടെ ഛായ നിഴലിച്ചു തുടങ്ങി എന്നതിനു സാക്ഷ്യങ്ങളായ മലയവിലാസവും വിശ്വരൂപവും ഘടനാപരമായി കൃത്രിമത്വം പ്രദർശിപ്പിക്കുന്നുണ്ട്.

**കാരണം** : 1. ഒരു പ്രസ്ഥാനത്തിന്റെ തുടക്കമെന്ന നിലയിൽ പൂർവമാതൃകകളുടെ അഭാവം.

2. ദീർഘ സമസസ്തപദങ്ങളും ശബ്ദാടോപവും പ്രകടമായ വർണ്ണനാ കൗതുകവും

(A) കാര്യം ശരി, കാരണങ്ങൾ രണ്ടും തെറ്റ്.
(B) കാര്യം ശരിയല്ല, അതുകൊണ്ടുതന്നെ കാരണങ്ങൾക്ക് പ്രസക്തിയില്ല.
(C) കാര്യം ശരി, കാരണം 2 മാത്രം ശരി.
(D) കാരണം 1 മാത്രം ശരി.

63. ശരിയായ ക്രമം ഏത് ?

(A) സാങ്കേതിക നിരൂപണങ്ങൾ, കല ജീവിതം തന്നെ, മാറുന്ന മലയാള നോവൽ, അർത്ഥാന്തരന്യാസം
(B) കല ജീവിതം തന്നെ, മാറുന്ന മലയാള നോവൽ, സാങ്കേതിക നിരൂപണങ്ങൾ, അർത്ഥാന്തരന്യാസം
(C) മാറുന്ന മലയാള നോവൽ, കല ജീവിതം തന്നെ, സാങ്കേതിക നിരൂപണങ്ങൾ, അർത്ഥാന്തരന്യാസം
(D) അർത്ഥാന്തരന്യാസം, മാറുന്ന മലയാള നോവൽ, കല ജീവിതം തന്നെ, സാങ്കേതിക നിരൂപണങ്ങൾ

64. കേരളോല്പത്തി ആദ്യമായി പ്രസിദ്ധീകരിച്ചത്

(A) ഡോ. ഹെർമ്മൻ ഗുണ്ടർട്ട്
(B) വേലായുധൻ പണിക്കശ്ശേരി
(C) മാധവമേനോൻ
(D) ഡോ. എം. ആർ. രാഘവ വാരിയർ

65. ക്രമത്തിലെഴുതുക.

(A) ഉമ്മാച്ചു, ഗുരുസാഗരം, ആയുസ്സിന്റെ പുസ്തകം, മാറ്റാത്തി
(B) ഗുരുസാഗരം, മാറ്റാത്തി, ഉമ്മാച്ചു, ആയുസ്സിന്റെ പുസ്തകം
(C) മാറ്റാത്തി, ഗുരുസാഗരം, ആയുസ്സിന്റെ പുസ്തകം, ഉമ്മാച്ചു
(D) ഉമ്മാച്ചു, മാറ്റാത്തി, ആയുസ്സിന്റെ പുസ്തകം, ഗുരുസാഗരം

66. സച്ചിദാനന്ദന്റെ ആക്ഷേപഹാസ്യകവിതയുടെ പേര്
(A) എലികൾ (B) തീപ്പെട്ടി
(C) ആളില്ലാകസേരകൾ (D) കോഴിപ്പങ്ക്

67. കാരൂരിന്റെ ആദ്യത്തെ കഥ
(A) മരപ്പാവകൾ (B) ഭൃത്യവാത്സല്യം
(C) പൂവമ്പഴം (D) മോതിരം

68. 'അവർ എന്തുകൊണ്ട് എഴുത്തും വായനയും പഠിച്ചില്ല ? കൊമ്പനാനയുണ്ടായിരുന്ന ആനമക്കൾ എഴുതാനും വായിക്കാനും പഠിച്ചിരുന്നോ ? പാമരമായ തലമുറകൾ' – ഈ പരാമർശം വരുന്ന നോവൽ
(A) ന്റുപ്പുപ്പായ്ക്കൊരാനേണ്ടാർന്നു (B) സ്ഥലത്തെ പ്രധാന ദിവ്യൻ
(C) ബാല്യകാലസഖി (D) പാത്തുമ്മയുടെ ആട്

69. ഭാരതീയ കാവ്യസിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ വിമർശനം നടത്തിയ നിരൂപകൻ
(A) എം.പി. ശങ്കുണ്ണി നായർ (B) എം.കെ. സാനു
(C) കെ.എം. ജോർജ്ജ് (D) പി.കെ. ബാലകൃഷ്ണൻ

70. 'ഗോപുരനടയിൽ' എന്ന നാടകം രചിച്ചത്
(A) കോവിലൻ (B) എം.ടി. വാസുദേവൻ നായർ
(C) എൻ. കൃഷ്ണപിള്ള (D) എൻ.എൻ. പിള്ള

71. ദേവകി ബഹൻ എന്ന കഥാപാത്രം ഏത് നോവലിൽ ?
(A) തലമുറകൾ (B) സീത
(C) അഗ്നിസാക്ഷി (D) വിശപ്പ്

72. നിരണം വൃത്തം എന്നറിയപ്പെടുന്നതേത് ?
(A) സ്രഗ്ദ്ധര (B) രഥോദ്ധത
(C) ശാർദ്ദൂലവിക്രീഡിതം (D) ദീർഘതരംഗിണി

73. മനുഷ്യരാശിയുടെ അവസാനത്തെ അവശേഷിപ്പുകളായ സ്ത്രീയും പുരുഷനും യുദ്ധത്തിലും രതിയിലും ഏർപ്പെടുന്നതായി ചിത്രീകരിച്ച ഒ.വി. വിജയന്റെ കഥ
(A) യുദ്ധത്തിന്റെ ആരംഭം (B) യുദ്ധത്തിന്റെ അവസാനം
(C) പാറകൾ (D) എട്ടുകാലി

74. നിഷാദപുരാണം എന്ന കൃതി അന്വേഷിച്ച് നടക്കുന്ന കഥാപാത്രത്തെ സൃഷ്ടിച്ച നോവലിസ്റ്റ്
(A) പുനത്തിൽ കുഞ്ഞബ്ദുള്ള (B) മാടമ്പ് കുഞ്ഞിക്കുട്ടൻ
(C) സേതു (D) ആനന്ദ്

75. കവിതയിൽ ഒരു വിതയുണ്ട് എന്നുപറഞ്ഞ കവി
(A) കുഞ്ഞുണ്ണി (B) ഏ. അയ്യപ്പൻ
(C) അയ്യപ്പപണിക്കർ (D) മോഹനകൃഷ്ണൻ കാലടി

**Space For Rough Work**